സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഡി.എ.നം. 351/25/B4 ദേവസ്വം അക്കൗണ്ട്സ് ആഫീസ്

തീയതി:22/04/2025

## സർക്കുലർ

**വിഷയം: GST-TDS ഒടുക്ക് വരുത്തുന്ന സംഗതി സംബന്ധിച്ച്.**

**സൂചന : 1) കേന്ദ്ര ജി.എസ്.ടി വകുപ്പ് പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ നമ്പർ 09/2025.**

**2) ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനമായ മെ. വിജയൻ & അസ്സോസിയേറ്റ്സിൽ നിന്നും 03/04/2025-ൽ ലഭിച്ച കത്ത്.**

വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

കേന്ദ്ര ജി.എസ്.ടി വകുപ്പിന്റെ സൂചന(1) മാർഗ്ഗനിർദ്ദേശമനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ ആഫീസുകളും നടപ്പ് സാമ്പത്തിക വർഷാരംഭം മുതൽ തന്നെ GST(TDS)-മായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. GST(TDS) പിടിത്തം ബാധകമായ എല്ലാ ഇടപാടുകളും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ബിൽ വാങ്ങി മാത്രമേ നടത്താൻ പാടുള്ളൂ.
2. കരാറുകാരിൽ നിന്നും ലഭിക്കുന്ന ബില്ലുകൾ GSTR-7 റിട്ടേൺ ഫയൽ ചെയ്യുന്ന വേളയിൽ സമർപ്പിക്കേണ്ടതിനാൽ ബന്ധപ്പെട്ട ആഫീസുകൾ പ്രസ്തുത ബില്ലുകളുടെ പകർപ്പുകൾ കൂടി ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന് കൃത്യസമയത്ത് തന്നെ കൈമാറി GSTR-7 റിട്ടേണിൽ അവ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. കരാറുകാർ/ഇടപാടുകാർക്ക് അഡ്വാൻസ് തുക നൽകേണ്ടി വന്നാലും കരാറുകാരിൽ നിന്നും നിർബന്ധമായും രസീത് വാങ്ങിയിരിക്കണം. കൂടാതെ പ്രസ്തുത രസീതുകൾ GST ഫയലിങ്ങിനായി ചാർട്ടേർഡ് അക്കൗണ്ടന്റിന് കൈമാറുകയും കൂടാതെ അവ ഒരു ഡോക്യുമെന്ററി എവിഡൻസ് ആയി ബന്ധപ്പെട്ട ആഫീസിൽ സൂക്ഷിക്കേണ്ടതാണ്.

GST-യിൽ നിന്നുമുള്ള പിഴ, പലിശ മറ്റ് നിയമപരമായ പ്രത്യാഘാതങ്ങൾ എന്നിവ ഒഴിവാക്കാൻ മേൽപ്പറഞ്ഞ മാർഗനിർദ്ദേശങ്ങൾ വീഴ്ച വരുത്താതെ പാലിക്കേണ്ടതാണ്.

ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് സംശയനിവാരണത്തിനായി ബോർഡിന്റെ GST സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മെ.വിജയൻ&അസ്സോസിയേറ്റ്സിനെ ബന്ധപ്പെടാവുന്നതാണ്.

പകർപ്പ്:-

(1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).

(2) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).

(3) സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).

P.T.O

(4) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
(5) ഫൈനാൻസ് ആന്റ് ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
(6) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
(7) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
(8) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
(9) എല്ലാ അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർമാർക്കും.
(10) ഐ.ടി സെക്ഷൻ
(11) മെ. വിജയൻ & അസ്സോസിയേറ്റ്സ്
(12) സെക്ഷൻ ഫയൽ

വിശ്വസ്തതയോടെ,

ദേവസ്വം അക്കൗണ്ട്സ് ആഫീസർ